GOV. OF KERALA

Directorate of General Education

HIGHER SECONDARY EDUCATION, KERALA

## NATIONAL SERVICE SCHEME

# ACTION PLAN 2023- 2024

# HANDBOOK FOR PRINCIPALS& PROGRAMME OFFICERS


*Prepared by*


**Dr. Jacob John**

State Programme Co-ordinator

NSS Cell

Higher secondary NSS

Directorate of General Education

GOVT. OF KERALA

# NATIONAL SERVICE SCHEME

## HIGHER SECONDARY EDUCATION, KERALA

## PROGRAMMES 2023-24

## HANDBOOK FOR PRINCIPALS
## &
## PROGRAMME OFFICERS

*NOT ME BUT YOU*

36/DGE/HSE/NSS/2023

പ്രോഗ്രാം കോ-ഓർഡിനേറ്റർ
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com
തീയതി :31/05/2023

# സർക്കുലർ

**വിഷയം : ആക്ഷൻ പ്ലാൻ & ഹാൻഡ് ബുക്ക് 2023 - 24.**

2023 - 24 അധ്യയന വർഷത്തെ എൻഎസ്എസ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച്, 2023 - 24 വർഷത്തെ ഹയർ സെക്കൻഡറി എൻഎസ്എസ് ഉപദേശക സമിതി അംഗീകരിച്ച ആക്ഷൻ പ്ലാനും എൻഎസ്എസ് സംവിധാനത്തെ കുറിച്ച് പ്രതിപാദിക്കുന്ന കൈപ്പുസ്തകവും പ്രസിദ്ധീകരിക്കുന്നു. പ്രോഗ്രാം ഓഫീസർ രക്ഷാകർത്താക്കൾ അധ്യാപകർ എന്നിവർക്ക് എൻഎസ്എസ് സംവിധാനത്തെക്കുറിച്ച് മനസ്സിലാക്കുവാനും പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാനും ആവശ്യമായ പിന്തുണ നൽകുവാനും ടി കൈപ്പുസ്തകം ഉപയോഗപ്പെടുത്താവുന്നതാണ്.

പ്രോഗ്രാം കോഡിനേറ്റർ.

# INTRODUCTION

National Service Scheme is the largest student Youth organization launched by the Govt. of India in the Birth Century year of Mahatma Gandhi. It gives a lot of exposure to the Volunteers by the way of participating in social service. It gives a sense of involvement in the tasks of National Development.

NSS provides platform for leadership practice, life – skill acquisition etc and help the volunteers learn how to live among others. Thus experience in NSS leads to construction of knowledge in the mind of the volunteer and helps to bring about positive change in social perspective, creative thinking and positive attitude making them self reliant, self confident and self respecting. Thus its programmes offer practical experience for personality development and character building emphasizing the emotional quotient of the Youth learner.

Directorate of Higher Secondary Education has1396 NSS units with a volunteer strength of 139600 spread across the State. Each volunteer performs 240 hours of social service in two years and attends a Special Camp of 7 days duration. They convene meeting, attend conference, participate National Integration camps and organize them.

Students at Higher Secondary level show great enthusiasm to join National Service Scheme. NSS Cell of the Director of General Education waits for further volunteer ship allocation from State/Central Government.

## History of National Service Scheme

In India, the idea of involving students in the task of national service dates back to the times of Mahatma Gandhi, the father of the nation. The central theme which he tried to impress upon his student audience time and again was that they should always keep before them, their social responsibility.

The University Grants Commission headed by Dr.S.Radhakrishnan recommended introduction of national service in the academic institutions on a voluntary basis with a view to developing healthy contacts between the students and teachers on the one hand and establishing a constructive linkage between the campus and the community on the other hand.

The idea was again considered by the Central Advisory Board of Education (CABE) at its meeting held in January, 1950. The Board recommended that students should devote some time to manual work on

a voluntary basis and that the teachers should also associate with them in such work.

In 1958, the then Prime Minister Pandit Jawaharlal Nehru in his letter to the Chief Ministers mooted the idea of having social service as a prerequisite for graduation. He further directed the Ministry of Education to formulate a suitable scheme for introduction of national service into the academic institutions.

In 1959, a draft outline of the scheme was placed before the Education Minister's Conference.. The Conference suggested the appointment of a committee to work out details of the proposed pilot project. In pursuance of these recommendations, a National Service Committee was appointed under the Chairmanship of Dr. C.D. Deshmukh on August 28, 1959 to make concrete suggestions in this direction. The committee recommended that national service for a period of nine months to a year may be made compulsory for all students completing high school education and intending to enroll themselves in a college or a university. The scheme was to include some military training, social service, manual labour and general education.

In 1960, at the instance of the Government of India, Prof. K.G. Saiyidain studied national service by students implemented in several countries of the world and submitted his report under the title "National Service for the Youth. It was also recommended that social service camps should be open to students as well as non-students within the prescribed age group for better inter-relationship.

The Education Commission headed by Dr. D.S. Kothari (1964-66) recommended that students at all stages of education should be associated with some form of social service.

In April 1967 and they recommended that at the university stage, students could be permitted to join the National Cadet Corps (NCC) which was already in existence on a voluntary basis and an alternative to this could be offered to them in the form of a new programme called the National Service Scheme (NSS). Promising sportsmen, however, should be exempted from both and allowed to join another scheme calle4d the National Sports Organisation (NSO), in view of the need to give priority to the development of sports and athletics.

The Vice Chancellors' Conference in September, 1969 welcomed this recommendation and suggested that a special committee of Vice Chancellors could be set up to examine this question in detail. In the statement of national policy on education of the Government of India, it

was laid down that work experience and national service should be an integral part of education.

On September 24, 1969, the then Union Education Minister Dr. V.K.R.V. Rao, launched the NSS programme in 37 universities **(Including Calicut University)** covering all States and simultaneously requested the Chief Ministers of States for their cooperation and help.

It was appropriate that the programme was started during the Gandhi Centenary Year as it was Gandhiji who inspired the Indian youth to participate in the movement for Indian independence and the social uplift of the downtrodden masses of our nation.

## History & Growth of National Service Scheme, Higher Secondary Education, Kerala

It was in 1990-91 there was formulated a common structure for the school education throughout the country. Kerala also became the part of 10+2+3 system of school education. As the part of the spread of higher secondary education throughout the state, the Pre-Degree course from colleges de-linked. The de-linking process of the Pre-Degree was completed during 2000-2001. This change was widely accepted by the society at large. From those days onwards Kerala school education found a new destiny and thriving vibration of the teens.

This move was the skelton of formation of National Service Scheme in the Higher Secondary sector. Indeed the formation was milestone from 1992-93 just only being familiar in **20 schools**. Then it was a huge growth and achievement for NSS. From 20 it grew up to 1407 units in the year of 2022-23 respectively.

In 2010, Higher Secondary NSS found tremendous improvement in its path with the expertise advices & permission of Central Government (Advisory Board) on enacting new posts in the NSS Cell as project officer, Documentation Assistant, Office Assistant etc. In addition to this Performance Assessment Committee (PAC) was made into act for each 10 units to supervise their future path by sincerely assessing their previous, present relevant activities.

The Model Residential Schools are run by Scheduled Tribal Department. In order to bring the Scheduled Tribe Students into mainstream National Service Scheme Units started in 8 MRS Schools in the year 2013 on cost sponsored Scheme. This was the key for introducing Self Financing NSS Unit (SFU) to kindle in the History of NSS in Kerala

**NATIONAL SERVICE SCHEME**

**NUMBER OF NSS UNITS**

| District | Number of Schools (Grant in Aid) | Number of Schools (SFU ) | MRS/Others | TOTAL |
|---|---|---|---|---|
| Thiruvananthapuram | 47 | 65 | 1 | |
| Kollam | 56 | 57 | | |
| Pathanamthitta | 28 | 31 | 1 | |
| Alappuzha | 42 | 48 | | |
| Kottayam | 40 | 48 | | |
| Ernakulam | 42 | 71 | | |
| Idukki | 23 | 33 | | |
| Thrissur | 52 | 57 | 1 | |
| Palakkad | 35 | 49 | | |
| Malappuram | 68 | 116 | | |
| Kozhikode | 58 | 95 | | |
| Wayanad | 36 | 15 | 2 | |
| Kannur | 53 | 81 | 1 | |
| Kasaragod | 33 | 21 | 1 | |
| Total | 613 | 785 | 7 | 1407 |

# NUMBER OF GRANT IN AID AND SELF-FINANCING UNITS CONSOLIDATED

| REGION | DISTRICT | No of GIA | No of SFU | Total Units | GIA % | SFU% | GIA Region Wise | SFU Region Wise | Total Regio Wise | GIA % Region | SFU% Region |
|---|---|---|---|---|---|---|---|---|---|---|---|
| NORTHERN REGION | KASARGODE | 33 | 22 | 55 | 60.00 | 40.00 | 220 | 269 | 489 | 44.99 | 55.01 |
| | KANNUR | 53 | 82 | 135 | 39.26 | 60.74 | | | | | |
| | KOZHIKODE NORTH | 25 | 51 | 76 | 32.89 | 67.11 | | | | | |
| | KOZHIKODE SOUTH | 33 | 44 | 77 | 42.86 | 57.14 | | | | | |
| | WAYANAD | 36 | 17 | 53 | 67.92 | 32.08 | | | | | |
| | MALAPPURAM WEST | 40 | 53 | 93 | 43.01 | 56.99 | | | | | |
| CENTRAL REGION | MALAPPURAM EAST | 28 | 63 | 91 | 30.77 | 69.23 | 180 | 274 | 454 | 39.65 | 60.35 |
| | PALAKKAD | 35 | 49 | 84 | 41.67 | 58.33 | | | | | |
| | TRISSUR | 52 | 58 | 110 | 47.27 | 52.73 | | | | | |
| | ERNAKULAM | 42 | 71 | 113 | 37.17 | 62.83 | | | | | |
| | IDUKKI | 23 | 33 | 56 | 41.07 | 58.93 | | | | | |
| SOUTH REGION | KOTTAYAM | 40 | 48 | 88 | 45.45 | 54.55 | 213 | 251 | 464 | 45.91 | 54.09 |
| | PATHANAMTHITTA | 28 | 32 | 60 | 46.67 | 53.33 | | | | | |
| | ALAPPUZHA | 42 | 48 | 90 | 46.67 | 53.33 | | | | | |
| | KOLLAM | 56 | 57 | 113 | 49.56 | 50.44 | | | | | |
| | THIRUVANANTHAPURAM | 47 | 66 | 113 | 41.59 | 58.41 | | | | | |
| | **TOTAL** | **613** | **794** | **1407** | | | **613** | **794** | **1407** | **43.57** | **56.43** |

## ADMINISTRATIVE SET UP




**Programme Co-ordinator**

↓

Regional Programme Convener **(RPC)**

↓

District Programme Convener **(DPC)**

↓

Performance Assessment Committee **(PAC)**

↓

Unit Programme Officer 1190

↓

India's first perfect Administration System, Each and every Unit level programme informed through Proper Channel

## ഹയർസെക്കന്ററി നാഷണൽ സർവ്വീസ് സ്കീം

## ആക്ഷൻപ്ലാൻ 2023–24

കൗമാര വിദ്യാർത്ഥികളിൽ അഭിലഷണീയമായ വർത്തമാന വ്യതിയാനങ്ങൾ സൃഷ്ടിക്കുവാൻ ഹയർസെക്കന്ററി നാഷണൽ സർവ്വീസ് സ്കീം നാളിതുവരെ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ള കർമ്മപദ്ധതികൾക്ക് കഴിഞ്ഞിട്ടുണ്ട്. കോവിഡാനന്തര കാലഘട്ടത്തിന്റെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് ശാസ്ത്രീയമായി ആസൂത്രണം ചെയ്ത് ചിട്ടപ്പെടുത്തിയ പ്രവർത്തനോന്മുഖവും വിദ്യാർത്ഥികളിൽ സാമൂഹ്യപ്രതിബദ്ധതയും നിസ്വാർത്ഥ സന്നദ്ധസേവനമനോഭാവവും പരിപോഷിപ്പിക്കാനുതകുംവിധത്തിലുള്ള പദ്ധതികളാണ് 2023–24 വർഷത്തിൽ നടപ്പിലാക്കാൻ നിർദ്ദേശിക്കുന്നത്. നിരന്തരവിലയിരുത്തലുകളിലൂടെ പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പുവരുത്താനുള്ള ക്രമീകരണങ്ങൾകൂടി ഉൾപ്പെടുംവിധമാണ് പ്രവർത്തന പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്.

യൂണിറ്റുകൾക്ക് സൃഷ്ടപരമായ തനത് ഇടപെടലുകൾക്കുള്ള ഇടം ഉറപ്പാക്കുന്നതിനായി നിർദ്ദിഷ്ടകർമ്മപദ്ധതികൾക്കും കേന്ദ്രസംസ്ഥാനസർക്കാരുകൾ നിർദ്ദേശിക്കുന്ന മറ്റു പ്രധാന പ്രവർത്തനങ്ങൾക്കും ആവശ്യാനുസരണം സമയം നീക്കിവച്ചിട്ടുണ്ട്.

### <u>ഓറിയന്റേഷൻ പ്രവർത്തനങ്ങൾ</u>

01. **'സന്നദ്ധം' : – ദുരന്തനിവാരണ ജീവരക്ഷാപ്രവർത്തനങ്ങൾ**

പ്രകൃതിക്ഷോഭങ്ങൾപോലെയുള്ള അടിയന്തിര സാഹചര്യങ്ങളിൽ ഇടപെടാനുള്ള നൈപുണ്യം, അടിസ്ഥാനജീവരക്ഷാപ്രവർത്തനങ്ങളിലേർപ്പെടാനുള്ള നൈപുണ്യം എന്നിവ ആർജ്ജിക്കാനുള്ള പരിശീലനം.

ഫയർ & റസ്ക്യൂ സർവ്വീസുമായി സഹകരിച്ച് സംസ്ഥാനതലത്തിൽ തയ്യാറാക്കപ്പെട്ട മോഡ്യൂളിന്റെ അടിസ്ഥാനത്തിലാണ് പരിശീലനം സംഘടിപ്പിക്കേണ്ടത്.

'ആർച്ച' പോലീസ് വകുപ്പുമായി ചേർന്ന് പെൺകുട്ടികൾക്കു നൽകുന്ന സ്വയംപ്രതിരോധ പരിശീലനങ്ങളും ഈ ഗണത്തിൽ ഉൾപ്പെടും.

02. **'സത്യമേവ ജയതേ'**

സത്യാനന്തരകാലഘട്ടത്തിൽ വാർത്തകളുടെ നിജസ്ഥിതി അപഗ്രഥിച്ച് തിരിച്ചറിയുക എന്നത് ഒരു അതിജീവന നൈപുണ്യമാണ്. വിവരസാങ്കേതിക വിസ്ഫോടനത്തിന്റെ പശ്ചാത്തലത്തിലുള്ള വാർത്താബാഹുല്യത്തിൽ വിവിധങ്ങളായ മാധ്യമങ്ങിലൂടെ തങ്ങളിലേക്കെത്തുന്ന വാർത്തകളിലെ വാസ്തവത്തെപ്പറ്റി അവബോധമുണ്ടാക്കാനും വ്യാജനിർമ്മിത വാർത്തകൾക്കെതിരെ ജാഗ്രത പുലർത്താനും സാമൂഹ്യമായ ബോധവൽക്കരണം നടത്താനും വോളന്റിയർമാരെ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങൾ. SIETയുടെ സഹായത്തോടെ ഇതിനാവശ്യമായ മോഡ്യൂളുകളും ശില്പശാലയും സംഘടിപ്പിക്കാവുന്നതാണ്.

### 03. **'We The People'**

സ്വതന്ത്രജനാധിപത്യ സമൂഹത്തിന്റെ നിലനില്പിനും അതിജീവനത്തിനും ഭരണഘടന വഹിക്കുന്ന സക്രിയമായ പങ്കിനെ സംബന്ധിച്ച അവബോധം വോളന്റിയർമാരിൽ സൃഷ്ടിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.

ഇന്ത്യൻ ഭരണഘടനയുടെ ആമുഖം, ഭരണഘടനാമൂല്യങ്ങൾ, മൗലികഅവകാശങ്ങളും കടമകളും, മതേതരത്വം, ഫെഡറലിസം എന്നിവയെക്കുറിച്ച് സമഗ്രധാരണ രൂപപ്പെടുത്താനുതകുംവിധം ബോധവൽക്കരണക്ലാസ്സുകൾ, ചർച്ച തുടങ്ങിയവ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കും.

### 04. **'ഉജ്ജീവനം'**

കൗമാരവിദ്യാർത്ഥികളുടെ പൊതുസൗഖ്യവുമായി ബന്ധപ്പെട്ട ശാസ്ത്രീയസർവ്വേ നിർവ്വഹണം, അനുബന്ധപ്രവർത്തനങ്ങൾ-

ആത്മഹത്യാപ്രവണത, മയക്കുമരുന്ന് ഉപയോഗം, ഇന്റർനെറ്റ് അഡിക്ഷൻ തുടങ്ങിയവ ചെറുക്കാനുള്ള പദ്ധതി, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ വിദഗ്ദ്ധ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന 'ഉജ്ജീവനം' പദ്ധതിയെക്കുറിച്ച് സമഗ്രധാരണവളർത്തുന്നതിനുള്ള പരിശീലനം.

### 05. **'സമദർശൻ' - ലിംഗസമത്വപരിപാടി**

സ്ത്രീധനനിരോധന ബോധവൽക്കരണ പ്രവർത്തനങ്ങൾ, വ്യത്യസ്ത ലിംഗവിഭാഗങ്ങളെക്കുറിച്ചും അവരുടെ അവകാശങ്ങളെക്കുറിച്ചും ധാരണ വളർത്തൽ കേന്ദ്രീകൃതമായ ഒരു മോഡ്യൂൾ പരിശീലനത്തിനായി തയ്യാറാക്കി നൽകും.

'സമദർശൻ' എന്ന ആശയം ഭരണഘടനാധിഷ്ഠിതമായി നിലനിൽക്കുന്ന നിയമവ്യവസ്ഥയ്ക്ക് വിധേയമായി ഗുണപരമായി ഉൾക്കൊള്ളുംവിധമാണ് പരിശീലനമോഡ്യൂൾ തയ്യാറാക്കുന്നത്.

## **ക്യാമ്പസ് പ്രവർത്തനങ്ങൾ**

### 01. **ക്ലീൻ ക്യാമ്പസ് .. ഗ്രീൻ ക്യാമ്പസ്**

ജൂൺ മുതൽ ജനുവരിവരെയുള്ള എല്ലാ മാസങ്ങളിലും തുടർച്ചയായി നടത്തേണ്ട ഒരു ക്യാമ്പസ് പ്രവർത്തനമാണ് ഇത്. ക്യാമ്പസ് ശുചീകരണം, പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്, ഉദ്യാനങ്ങളും വൃക്ഷങ്ങളും നട്ടുപിടിപ്പിച്ച് ക്യാമ്പസിനെ മനോഹരമാക്കൽ എന്നീ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

ഒന്നും രണ്ടും വർഷങ്ങളിലെ വോളന്റിയർമാരിൽ നിന്നും 5പേർ വീതമടങ്ങുന്ന 10 പേരുടെ വോളന്റിയർ ഗ്രൂപ്പ് ഓരോ ദിവസവും മുപ്പത് മിനിട്ട് വീതം ഈ പ്രവർത്തനത്തിനുവേണ്ടി ചിലവഴിക്കേണ്ടതാണ്. ഇപ്രകാരം ഒരു വോളന്റിയർക്ക് ഒരു മാസത്തിൽ രണ്ടു ദിവസങ്ങളിലായി ഒരു മണിക്കൂർ പ്രവർത്തിക്കാനുള്ള അവസരം ലഭിക്കും. എല്ലാ വോളന്റിയർമാരും ഈ പ്രവർത്തനത്തിൽ പങ്കെടുത്തുവെന്ന് പ്രോഗ്രാം-ഓഫീസർ ഉറപ്പാക്കേണ്ടതും ആയതിന് ഉപോൽബലകമായ രേഖകൾ സൂക്ഷിക്കേണ്ട

തുമാണ്. വർഷാന്ത്യമോണിറ്ററിംഗിൽ ഈ പ്രവർത്തനത്തിന്റെ വസ്തുനിഷ്ഠമായ വില യിരുത്തൽ നടക്കും. മുൻവർഷങ്ങളിൽ നടപ്പിലാക്കിയ എൻ.എസ്.എസ്. തനതിട ത്തിന്റെ പരിപാലനം ഈ പദ്ധതിയുടെ ഭാഗമായി നിർവ്വഹിക്കേണ്ടതാണ്.

02. **'ഇൻഫോവോൾ'**

ക്യാമ്പസിലെ എല്ലാ വിദ്യാർത്ഥികൾക്കും കാണാനുതകുംവിധം ഒരു വാർത്താ ബോർഡ് സ്ഥാപിക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കുറഞ്ഞത് 2x1 മീറ്റർ അളവിലാകണം ഈ വാർത്താബോർഡ് നിർമ്മിക്കേണ്ടത്. കേവലം പത്രവാർത്ത കൾക്കപ്പുറം വിദ്യാർത്ഥികൾക്ക് ഭാവിസാദ്ധ്യതകൾ, സാങ്കേതിക വിദ്യാമുന്നേറ്റങ്ങൾ, ചരിത്രപ്രാധാന്യമുള്ള ദിവസങ്ങൾ ആരോഗ്യശീലങ്ങൾ, നൂതനാശയങ്ങൾ എന്നിവ യെ സംബന്ധിച്ച അറിവുനൽകുന്ന വിവരണങ്ങൾ ഉൾപ്പെടുത്തിയായിരിക്കണം ഇൻഫോവാൾ സജ്ജീകരിക്കേണ്ടത്.

ദൈനംദിനം പുതിയവിവരങ്ങൾ കൂട്ടിച്ചേർത്ത് 'ഇൻഫോവാൾ' പുതുക്കിക്കൊണ്ടിരി ക്കാൻ യൂണിറ്റ് ശ്രദ്ധിക്കേണ്ടതാണ്. ഇതിന്റെ പ്രവർത്തനങ്ങൾ ക്ലീൻ ക്യാമ്പസ് ഗ്രീൻ ക്യാമ്പസ് പ്രവർത്തനങ്ങളോടൊപ്പം ചേർത്താണ് രേഖപ്പെടുത്തേണ്ടത്.

03. **ഭരണഘടന ആമുഖ ആലേഖനം**

## "Preamble Pride"

ഇന്ത്യൻഭരണഘടനയുടെ ആമുഖം വ്യക്തമായും മനോഹരമായും വിദ്യാലയത്തിന്റെ ഭിത്തിയിൽ എഴുതുന്ന പ്രവർത്തനമാണിത്. ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളെ സംബന്ധിച്ച ധാരണ എല്ലാ വിദ്യാർത്ഥികളിലും ജനിപ്പിക്കാനും ഭരണഘടനയോ ടുള്ള കൂറ് ഊട്ടിയുറപ്പിക്കുവാനുമാണ് ഈ പ്രവർത്തനം ലക്ഷ്യമാക്കുന്നത്.

യൂണിറ്റുകളുടെ തനതു ക്യാമ്പസ് പ്രവർത്തനങ്ങൾക്ക് മതിയായ സമയം ഉൾക്കൊ ള്ളിച്ചിട്ടുണ്ട്. വ്യത്യസ്തവും സൃഷ്ടിപരവും അനുയോജ്യമായ പ്രവർത്തനങ്ങൾ ഓരോ യൂണിറ്റുകളും തദ്ദേശീയ സാഹചര്യങ്ങൾക്കനുയോജ്യമായ രീതിയിൽ കണ്ടെത്തി നിർവ്വഹിക്കേണ്ടതാണ്.

വർഷാന്ത്യ മോണിറ്ററിംഗിൽ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കുന്ന രീതിയിൽ ദൃശ്യവും സുസ്ഥിരവുമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടത്.

## കമ്യൂണിറ്റി പ്രവർത്തനങ്ങൾ

01. **'ഹരിതം'**

പാരിസ്ഥിതികസന്തുലിതാവസ്ഥ നിലനിർത്തുന്നതിനും സുസ്ഥിര ജീവിതശൈലികൾ പ്രവർത്തനങ്ങളിലൂടെ പരിചയപ്പെടുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയാ ണിത്.

2022-23 വർഷത്തെ ഓഗസ്റ്റ് സപ്തദിനസഹവാസക്യാമ്പിൽ (സ്വാതന്ത്ര്യാമൃതം)നട പ്പാക്കിയ കല്പകം പദ്ധതിയുടെ ഭാഗമായി നട്ടുപിടിപ്പിച്ച പത്ത് തെങ്ങിൻതൈകളുടെ വളർച്ച വിലയിരുത്തി ഫോട്ടോസഹിതം റിപ്പോർട്ട് തയ്യാറാക്കണം. നശിച്ചുപോയ തൈകൾക്കു പകരമായി പുതിയവ നട്ടുപിടിപ്പിക്കേണ്ടതാണ്.

ഇതേരീതിയിൽത്തന്നെ 2022-23 ഡിസംബർ ക്യാമ്പിൽ(വെളിച്ചം) നടന്ന 'തേൻകനി' -ദശഫലവൃക്ഷങ്ങൾ പദ്ധതിയുടെ ഭാഗമായി നട്ടുപിടിപ്പിച്ച 10 ഫലവൃക്ഷങ്ങളുടെ വളർച്ച വിലയിരുത്തി ഫോട്ടോ സഹിതം റിപ്പോർട്ട് തയ്യാറാക്കുകയും നശിച്ചുപോയ വൃക്ഷതൈകൾക്കുപകരം ചെടികൾ നട്ടുപിടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

a) **മാമ്പഴക്കാലം**

ജൂൺ 5 ന് ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മിഷൻ ലൈഫുമായി ബന്ധപ്പെട്ട സുസ്ഥിരമായ ഭക്ഷ്യവ്യവസ്ഥ എന്ന ആശയം പ്രാവർത്തികമാക്കാൻ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് മാമ്പഴക്കാലം. ഏപ്രിൽ മെയ് മാസങ്ങളിൽ സുലഭമായി ലഭിക്കുന്ന മാമ്പഴവിത്ത് ഓരോ വോളന്റിയർമാരും പത്തെണ്ണംവീതം ശേഖരിക്കുകയും സശ്രദ്ധം വിതച്ച് മുളപ്പിക്കുകയും വേണം. ഒരു യൂണിറ്റ് കുറഞ്ഞത് അഞ്ഞൂറ് കുടുംബങ്ങൾക്ക് മാവിൻതൈ വിതരണം ചെയ്യേണ്ടതാണ്. സംസ്ഥാനത്തുടനീളം ഇതിന്റെ ഭാഗമായി പത്തുലക്ഷം മാവിൻതൈകൾ നട്ടുപിടിപ്പിയ്ക്കുവാനാണ് ലക്ഷ്യമിടുന്നത്.

യൂണിറ്റ് നട്ടുപിടിപ്പിക്കുന്ന വൃക്ഷങ്ങളുടെ എണ്ണം, വളർച്ച എന്നിവ സംബന്ധിച്ച് കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

b) **'ശ്രീ-അന്ന' - പോഷൺമാഹ്**

ഐക്യരാഷ്ട്രസഭയുടെ പൊതുസഭ 2023 വർഷത്തെ അന്താരാഷ്ട്ര ചെറുധാന്യവർഷമായി (Internatinal year of Millet) പ്രഖ്യാപിച്ചിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ ഇൻഡ്യൻ ഗവൺമെന്റ് ചെറുധാന്യകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ശ്രീ.- അന്ന എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചെറുധാന്യങ്ങളുടെ കൃഷിരീതി, ഗുണ സവിശേഷതകൾ എന്നിവയെ സംബന്ധിച്ച് ഹയർസെക്കന്ററി എൻ.എസ്.എസ്. വോളന്റിയർമാർക്ക് ശരിയായ ധാരണ നൽകുന്നതിന് കുറഞ്ഞത് പത്തുകിലോ മില്ലറ്റ് (തിന,മണിച്ചോളം, റാഗി അഥവാ കൂവരക്, മരക്, കുതിരവാലി, പേൾമില്ലറ്റ്... മുതലായവ) ഓരോ യൂണിറ്റും ഉൽപ്പാദിപ്പിക്കുന്ന പദ്ധതി.

തദ്ദേശീയമായി കൃഷിഓഫീസുകളുമായും പരമ്പരാഗതകർഷകരുമായും കൂടിച്ചേർന്നായിരിക്കണം പദ്ധതി നടപ്പിലാക്കേണ്ടത്.

ജൂൺ മുതൽ ആഗസ്റ്റ് മാസത്തിനുള്ളിൽ ഈ പദ്ധതി പൂർത്തിയാക്കേണ്ടതും സെപ്റ്റംബർ മാസത്തിൽ 'പോഷൺ മാഹിന്റെ' ഭാഗമായി വിനിയോഗിക്കേണ്ടതുമാണ്. (പോഷകാഹാരം എല്ലാവർക്കും പ്രത്യേകിച്ചും സ്ത്രീകൾക്കും കുട്ടികൾക്കും ലഭ്യമാക്കുന്ന പദ്ധതിയാണ് പോഷൺ മാഹ്)

2. **'അക്ഷരത്തെളിമ'**

എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെകണ്ടെത്തി അവർക്ക് അദ്ധ്യാപകരുടെയും ഇതരസംവിധാനങ്ങളുടെയും പിന്തുണയോടെ എഴുതാനും വായിക്കുവാനുമുള്ള മികച്ചശേഷി കൈവരിക്കാനുതകുന്ന ഇടപെടലുകൾ നടത്തുക എന്നതാണ് ഈ പദ്ധതിയുടെ ഇദ്ദേശ്യം.

3. **PRABHA(Persons with Disabilities Rehabilitation and Basic Health Assistance)**

ശാരീരിക പരിമിതികൾ നേരിടുന്ന വിദ്യാർത്ഥികളുടെയും ഇതരവ്യക്തികളുടെയും പ്രശ്നങ്ങൾ ഗവൺമെന്റ് തലത്തിൽ എത്തിയ്ക്കുകയും ആവശ്യമായ പിന്തുണാസം വിധാനം ഒരുക്കുന്നതുമായ പ്രവർത്തനങ്ങൾ.

4. **'ഭവനം'**

ഹയർസെക്കന്ററി എൻ.എസ്.എസ്. ഇരുപത്തിയഞ്ചുവർഷം പൂർത്തിയാക്കിയതുമായി ബന്ധപ്പെട്ട് തുടക്കംകുറിച്ച രജതഭവനപദ്ധതിയുടെയും നാഷണൽ സർവ്വീസ് സ്കീം ഇൻഡ്യയിൽ 50 വർഷം പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട് തുടക്കംകുറിച്ച സുവർണ്ണ ഭവന പദ്ധതിയുടെയും ഭാഗമായി 500ൽ പരം വീടുകൾ കഴിഞ്ഞ 5 വർഷങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ട്.

ഈ പ്രവർത്തന വർഷം മുതൽ എല്ലാ ഹയർ സെക്കന്ററി എൻ.എസ്.എസ്. യൂണിറ്റു കളും തനതു പ്രവർത്തനത്തിന്റെ ഭാഗമായി ഒരുവീട് നിർമ്മിച്ച് പൂർത്തിയാക്കുകയോ അല്ലെങ്കിൽ നിശ്ചിത എണ്ണം യൂണിറ്റുകൾകൂടിച്ചേർന്ന് ഒരു വീടിന്റെ നിർമ്മാണം പൂർത്തീ കരിക്കുകയും ചെയ്യുന്ന പ്രവർത്തനത്തിന്റെ ഭാഗമാവുകയോ ചെയ്യേണ്ടതാണ്.

ഇതിന്റെ ഭാഗമായി കേരളമൊട്ടാകെ കുറഞ്ഞത് 30 വീടുകൾ പൂർത്തീകരിക്കാൻ ലക്ഷ്യ മിടുന്നു. യൂണിറ്റുകൾ നിർമ്മിക്കുന്ന വീടുകൾക്ക് പുറമെയാണിത്.

**വിഭവസമാഹരണം**

ഭവനനിർമ്മാണത്തിന്റെ വിഭവശേഖരണത്തിനായി രണ്ടു രീതികൾ അവലംബിക്കേ ണ്ടതുണ്ട്.

01. **സ്ക്രാപ്ചാലഞ്ച്**

പഴയന്യൂസ്പേപ്പർ അടക്കമുള്ള പുനരുപയോഗിക്കാൻ സാധിക്കുന്ന പാഴ് വസ്തു ക്കൾ ശേഖരിച്ച് കൈമാറുന്നതുവഴി ലഭിക്കുന്ന മൂല്യം ഭവനനിർമ്മാണത്തിന്റെ വിഭവ ശേഖരണത്തിനായി ഉപയോഗിക്കാവുന്നതാണ്. മാലിന്യമുക്ത കേരളനിർമ്മിതിക്കാ യുള്ള കാമ്പയിന്റെ ഭാഗമായികൂടി പാഴ് വസ്തുശേഖരണപുനരുപയോഗ പ്രവർത്ത നങ്ങളെ ഉപയോഗപ്പെടുത്താവുന്നതാണ്.

02. **ഉൽപ്പന്ന നിർമ്മാണ വിതരണപ്രവർത്തനങ്ങൾ**

ഗാർഹികാവശ്യത്തിനുള്ള സോപ്പ്, അലക്കുപൊടി, ഹാന്റ് വാഷ്, തുടങ്ങിയ വിവിധ ഇനം ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള പരിശീലനം വോളന്റിയർമാർക്ക് നൽകുകയും ഇത്തരം ഉല്പന്നങ്ങൾ കൈമാറുമ്പോൾ ലഭിക്കുന്ന മൂല്യം ഭവനനിർമ്മാണത്തിന് ഉപയോഗിക്കാവുന്നതുമാണ്. സ്വാശ്രയശീലം, സംരംഭകത്വം തുടങ്ങിയ അഭിലഷണീയ മനോഭാവങ്ങൾ വോളന്റിയർമാരിൽ വളർത്താനും ഈ പദ്ധതി ഉപകരിക്കും.

5. **'SAMARPAN' ( Delication to service compassion for community)**

കേരളത്തിന്റെ ആരോഗ്യ മേഖലയുടെ അടിസ്ഥാനവിഭാഗമായി മാതൃശിശുസംരക്ഷണം, പ്രതിരോധ വാക്സിനേഷൻ, പാലിയേറ്റീവ് കെയർ, പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ മേഖലകളിൽ സമർപ്പിതമായി പ്രവർത്തിച്ചുവരുന്ന ആശാപ്രവർത്തകരോടൊപ്പം ഒരു എൻ.എസ്.എസ്. വോളന്റിയർ പത്തു വീടുകൾ സന്ദർശിക്കുകയും പ്രയോജനകരമായ ഇടപെടലുകൾ നടത്തുകയും തുടർന്ന് അടിയന്തിര സാഹചര്യങ്ങളിലടക്കം ആരോഗ്യ സംവിധാനത്തിന്റെ ഭാഗമായി പ്രവർത്തിക്കാനുള്ള ശേഷി നേടുകയും സാമൂഹ്യ പ്രതിബദ്ധതയും തന്മയീഭാവവും വളർത്താനുതകുന്നതുമായ പദ്ധതിയാണ് സമർപ്പണം.

ഗൃഹസന്ദർശനത്തിന്റെ വിവരങ്ങൾ ഓരോ വോളന്റിയറും ആശാവർക്കറുടെയും പഞ്ചായത്തംഗങ്ങളുടെയും സാക്ഷ്യപ്പെടുത്തലോടെ വോളന്റിയർ ഡയറിയിൽ സൂക്ഷിക്കേണ്ടതാണ്.

6. **'നാടറിയാം'**

ഹയർസെക്കന്ററി എൻ.എസ്.എസ്. വോളന്റിയർമാർ ഏറ്റെടുക്കുന്ന സാമൂഹ്യപ്രവർത്തനങ്ങൾ പൊതുസമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനായും വോളന്റിയർമാർക്ക് സാമൂഹ്യഇടപെടലിനുള്ള അവസരമൊരുക്കുന്നതിനായും ഉള്ള പദ്ധതിയാണിത്.

ലഹരിവിരുദ്ധത, സമദർശൻ, ആരോഗ്യശീലങ്ങൾ, പരിസ്ഥിതിസംരക്ഷണം തുടങ്ങിയ ആശയങ്ങൾ പൊതുജനങ്ങളിലേക്കെത്തിക്കുന്ന തരത്തിൽ കലാരൂപങ്ങൾ പരിശീലിച്ച് അവതരിപ്പിക്കണം. നാടകം, നൃത്തം, പാട്ട്, കഥപറച്ചിൽ, പോസ്റ്റർ പ്രദർശനം തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിക്കാം.

പ്രാദേശിക കലാരൂപങ്ങളുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താം. എന്നാൽ ജില്ലാതലത്തിലുള്ള പൊതു സ്ക്രിപ്റ്റിന് സംസ്ഥാനതല അംഗീകാരം വാങ്ങേണ്ടതാണ്. ഒരു ജില്ലയിൽ പത്തിടങ്ങളിൽ അവതരണം നടത്തേണ്ടതാണ്. രണ്ട് അവധി ദിനങ്ങൾ ഇതിനായി തിരഞ്ഞെടുക്കേണ്ടതാണ്. ഇതിനായി ഇരുപത് വോളന്റിയർമാരടങ്ങിയ ഒരു ടീമിനെ ജില്ലാതലത്തിൽ പരിശീലനം നൽകണം.

അവതരണ ഇടങ്ങളിൽ സമീപത്തെ യൂണിറ്റുകളിലെ മുഴുവൻ വോളന്റിയർമാരും പങ്കെടുക്കേണ്ടതാണ്.

7. **'ജീവദ്യുതി' - പോൾ ആപ്പ്**

പോലീസ് വകുപ്പുമായി ചേർന്ന് പോൾ ആപ്പിന്റെ സഹായത്തോടെ രക്തദാനസേനയെ കേരളത്തിൽ വ്യാപകമായി സജ്ജമാക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

8. **'ഉജ്ജീവനം'**

ഹയർസെക്കന്ററി നാഷണൽ സർവ്വീസ് സ്കീമും ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി, തിരുവനന്തപുരത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അച്യുതമേനോൻ സെന്റർ, ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസും

കൂടിചേർന്ന് 11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കൗമാരക്കാരായ വിദ്യാർത്ഥികളുടെ സമ്പൂർണ്ണമായ സൗഖ്യത്തെ വിലയിരുത്തുന്നതിനായി ഒരു സർവ്വേ സംഘടിപ്പിക്കുന്നു.

മനഃശാസ്ത്രപരവും സാമൂഹികവും ഭൗതീകവും ആത്മീയവുമായ (ഐക്യരാഷ്ട്ര സഭ) മേഖലകളിലെ ഏകകങ്ങളെ വിലയിരുത്തിക്കൊണ്ട് കൗമാരകാലഘട്ടത്തിലെ മൂന്ന് സുപ്രധാന പ്രശ്നങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടാണ് പഠനം സംഘടിപ്പിക്കുന്നത്. 1) സാമൂഹ്യ പ്രവണതകൾ (Social Tendency) 2) മയക്കുമരുന്നുപയോഗം(Drug abuse) 3) ഇന്റർനെറ്റ് അഡിക്ഷൻ. ശാസ്ത്രീയമായി നടത്തുന്ന പഠനവിശകലനങ്ങളുടെ അടിസ്ഥാനത്തിൽ കൗമാരക്കാരുടെ വ്യക്തിത്വത്തിൽ കാതലായ മാറ്റംവരുത്തും വിധമുള്ള ഇടപെടലുകൾ നടത്താൻ അവസരമൊരുങ്ങും. ഇതിനായി രണ്ടു ഘട്ടങ്ങളിലായി ശാസ്ത്രീയമായ ടൂളുകളുപയോഗിച്ചുള്ള സർവ്വേയും തുടർ പ്രവർത്തനങ്ങളും സംഘടിപ്പിക്കും. സംസ്ഥാനതലത്തിൽ നടക്കുന്ന ട്രെയിനേഴ്സ് ട്രെയിനിംഗ്, ജില്ലാതലത്തിൽ നടക്കുന്ന അദ്ധ്യാപക പരിശീലനം, യൂണിറ്റുതല വോളണ്ടിയർ പരിശീലനം തുടർന്ന് വിവരശേഖരണം ഒന്നും രണ്ടും ഘട്ടങ്ങൾ, ഡാറ്റാവിശകലനം റിപ്പോർട്ട് സമർപ്പണം. ഈ പ്രവർത്തനങ്ങളോടൊപ്പം തന്നെ കൗമാരക്കാരുടെ മാനസികാരോഗ്യം, മനോഭാവം, ഹാപ്പിനസ് ഇൻഡെക്സ് എന്നിവ മെച്ചപ്പെടുത്താനുള്ള ശാസ്ത്രീയവും സമൂർത്തവുമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

9. **'തെളിമ'**

സാമൂഹികമായും അക്കാദമികമായും അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ശാക്തീകരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. സഹവർത്തിത്വപഠനവും പിന്നാക്ക മേഖലകളിൽ പഠന കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള കൈത്താങ്ങും, ലളിതവത്ക്കരിച്ച പഠനസഹായികൾ തയ്യാറാക്കിനൽകലും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 'തെളിമ', ക്യാമ്പസ് പ്രവർത്തനമായിട്ടാണ് വിഭാവനം ചെയ്യുന്നതെങ്കിലും യൂണിറ്റുകൾക്ക് സാദ്ധ്യതകൾക്കനുസരിച്ച് പാർശ്വവൽകൃത വിഭാഗങ്ങളിലേക്ക് ഈ പ്രവർത്തനം എത്തിക്കാവുന്നതാണ്. ആയാസരഹിതമായ പഠനത്തിനുതകുന്ന രീതിയിൽ വിദ്യാർത്ഥികളെ പിന്തുണയ്ക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. വിദ്യാർത്ഥികളുടെ പുസ്തകങ്ങൾ നഷ്ടപ്പെട്ടുപോകാതിരിക്കാൻ അടക്കം ഉപകരിക്കുന്ന ഒരു ബൈൻഡിംഗ് യൂണിറ്റ് (സ്പൈറൽ) ഇതിന്റെ ഭാഗമായി നടപ്പാക്കാവുന്നതാണ്.

10. **Green Guardians Collabrating for a sustainable society**

കേരളത്തിലെ മാലിന്യനിർമ്മാർജ്ജന രംഗത്ത് ഒരു പുത്തൻ അദ്ധ്യായംകുറിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഹരിത കർമ്മസേനാംഗങ്ങളോടൊപ്പം ഒരു വോളന്റിയർ പത്തുഭവനങ്ങൾ സന്ദർശിച്ച് മാലിന്യ സംസ്ക്കരണത്തെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുകയും മാലിന്യ ശേഖരണസംസ്ക്കരണ പ്രക്രിയയിൽ ഹരിത കർമ്മ സേനയോടൊപ്പം പങ്കാളികളാവുകയും വേണം.

പഞ്ചായത്ത് സെക്രട്ടറി, ഹരിതസേന കോ-ഓർഡിനേറ്റർ എന്നിവരുടെ സാക്ഷ്യപത്രം പ്രവർത്തന റിപ്പോർട്ടിനോടൊപ്പം വോളന്റിയർ ഡയറിയിൽ സൂക്ഷിക്കേണ്ടതാണ്.

2023-24 വർഷത്തിൽ എല്ലാ ഹയർസെക്കന്ററി എൻ.എസ്.എസ്.യൂണിറ്റുകളും ദത്തു ഗ്രാമങ്ങളിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന പ്രോജക്ടുകൾ വർഷാരംഭത്തിൽത്തന്നെ തയ്യാറാക്കി ക്ലസ്റ്റർ കൺവീനർമാർ വഴി ജില്ലാ കൺവീനർക്ക് സമർപ്പിക്കേണ്ടതാണ്.
ഓറിയന്റേഷൻ, ക്യാമ്പസ് വർക്ക്, കമ്മ്യൂണിറ്റി വർക്ക് എന്നീ മേഖലകളിൽ മേൽസൂചിപ്പിച്ച ഹയർ സെക്കന്ററി എൻ.എസ്.എസ്. സെൽ നിർദ്ദേശിച്ച പ്രവർത്തനങ്ങൾക്കു പുറമേയുള്ള തനതു പ്രവർത്തനങ്ങളും മണിക്കൂറുകൾ അനുവദിച്ച് പ്രോജക്ടിൽ രേഖപ്പെടുത്തേണ്ടതാണ്.

**തെരഞ്ഞെടുക്കാവുന്ന ഇതരപ്രവർത്തനങ്ങൾ**

1. ജലസംരക്ഷണം
2. കുട്ടിവനങ്ങളുടെ നിർമ്മാണം
3. തദ്ദേശീയകൃഷിരീതി പ്രോത്സാഹനം
4. തേനീച്ച വളർത്തൽ
5. 'ഉപജീവനം' - ഉന്തുവണ്ടിക്കടകൾ മറ്റ് ലഘുകച്ചവട സംരംഭങ്ങൾ, മൃഗ, പക്ഷി പരിപാലനം.
6. ഗാന്ധിസ്മൃതി ലൈബ്രറികൾ
7. ജീവിതശൈലി രോഗപ്രതിരോധ പ്രവർത്തനങ്ങൾ
8. ലഹരിവിരുദ്ധ LED പ്രചാരണ ബോർഡുകൾ സ്ഥാപിക്കൽ
9. യൂണിറ്റ് തനതായി ഏറ്റെടുക്കുന്ന സൃഷ്ടിപരമായ പ്രവർത്തനങ്ങൾ

## പ്രത്യേകപരിപാടികൾ

**'ഭാരത് ദർശൻ'-ദേശീയോദ്ഗ്രഥനയാത്ര**

ഭാരതത്തിന്റെ സാംസ്ക്കാരിക, പ്രാദേശിക, മതപരമായ വൈവവിധ്യങ്ങൾ വിദ്യാർത്ഥികളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ ചേർത്ത് ദേശീയപ്രാധാന്യമുള്ള പ്രദേശങ്ങളിൽ സന്ദർശനം സംഘടിപ്പിക്കുന്ന പരിപാടി. ഇതേ മാതൃകയിൽ പി.എ.സി. അംഗങ്ങൾക്കും പ്രോഗ്രാം ഓഫീസർമാർക്കുമായി യാത്രകൾ സംഘടിപ്പിക്കുക.

**പരിശീലനപരിപാടി**

വോളന്റിയർ ലീഡർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും പരിശീലനം നൽകുന്നതിനുള്ള പരിശീലകരെ സജ്ജമാക്കുന്നതിനായി "Training of Trainers" (TOT) സംഘടിപ്പിക്കുക.

ക്ലസ്റ്ററുകളുടെ സംഘാടനം മികവുറ്റതാക്കാൻ പി.എ.സി. അംഗങ്ങൾക്കായുള്ള സംസ്ഥാനതല പരിശീലനം സംഘടിപ്പിക്കുക.

യൂണിറ്റുകളിലെ പ്രവർത്തനം ക്രിയാത്മകമാക്കുന്നതിന്, പരിശീലനം ലഭിക്കാത്ത പ്രോഗ്രാം ഓഫീസർമാർക്ക് ജില്ലാതലത്തിലോ, മേഖല തലത്തിലോ പരിശീലനം നൽകുക.

പ്ലസ് വൺ വോളന്റിയർ ലീഡർമാർക്കുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുക.

സപ്തദിന ക്യാമ്പിന് മുന്നോടിയായി പ്രീക്യാമ്പ് ഓറിയന്റേഷൻ സംഘടിപ്പിക്കുക.

**പ്രോഗ്രാം 2023–24**

1. സന്നദ്ധം
2. സത്യമേവജയതേ
3. 'We the people'
4. ഉജ്ജീവനം
5. സമദർശൻ
6. തനതു മേഖലകൾ (ജില്ലാതല അംഗീകാരത്തോടെ)

ക്യാമ്പസ് പ്രവർത്തനങ്ങൾ

7. ക്ലീൻ ക്യാമ്പസ്, ഗ്രീൻ ക്യാമ്പസ്
8. ഇൻഫോവാൾ
9. 'Preamble Pride'
10. തനതുപ്രവർത്തനങ്ങൾ (ജില്ലാതല അംഗീകാരത്തോടെ)

**കമ്യൂണിറ്റി പ്രവർത്തനങ്ങൾ**

11. ഹരിതം
12. അക്ഷരത്തെളിമ
13. ഭവനം
14. സമർപ്പൺ
15. നാടറിയാം
16. 'ജീവദ്യുതി' - Pol-App
17. ഉജ്ജീവനം
18. തെളിമ
19. 'Green Guardians'
20. **തിരഞ്ഞെടുക്കാവുന്ന ഇതരപ്രവർത്തനങ്ങൾ**
    1. ജല സംരക്ഷണം
    2. കുട്ടിവനങ്ങളുടെ നിർമ്മാണം

3. തേനീച്ച വളർത്തൽ

4. ഉപജീവനം- ഉന്തുവണ്ടികൾ, മറ്റുലഘുകച്ചവടസംരംഭങ്ങൾ

5. തദ്ദേശീയകൃഷിരീതി പ്രോത്സാഹനം

6. ഗാന്ധിസ്മൃതി വായനശാലകൾ

7. ജീവിത ശൈലീരോഗപ്രതിരോധ പ്രവർത്തനങ്ങൾ

8. ലഹരിവിരുദ്ധ എൽ.ഇ.ഡി. പ്രചാരണ ബോർഡുകൾ

9. യൂണിറ്റ് ജില്ലാതല അംഗീകാരത്തോടെ ഏറ്റെടുക്കുന്ന സൃഷ്ടിപരമായ ഇതര പ്രവർത്തനങ്ങൾ

# UNITWISE ACTIVITY CALENDER 2023-24

| Sl. No | Month | ORIENTATION (MINIMUM 20 HOURS) NSS Cell Prescribed Orientation Programme | Hours | Unit Programme/ Cluster District Programme | Hours | RGULAR ACTIVITY (MINIMUM 30 HOURS) NSS Cell Prescribed Regular Activity | Hours | Unit Programme/ Cluster District Programme | Hours | COMMUNITY WORK (MINIMUM 70 HOURS) NSS Cell Prescribed Regular Activity | Hours | Unit Programme/ Cluster District Programme | Hours |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | May | | | | | | | | | | | | |
| 2 | June | | | | | Green Campus Clean Campus (എല്ലാവരും)<br>Infowall(രണ്ടാം വർഷം) | 1<br>2 | | | ഹരിതം കൽപകം Review തേൻകനി Review മാമ്പഴക്കാലം (രണ്ടാം വർഷം)<br>ശ്രീ അന്ന -പോഷൺ മാഹ് | 5<br>5 | | |
| 3 | July | സന്നദ്ധം-ദുരന്തനിവാരണ ജീവരക്ഷാ പ്രവർത്തനങ്ങൾ (എല്ലാവരും) | 3 | | | Green Campus Clean Campus (എല്ലാവരും) | 1 | | | അക്ഷരത്തെളിമ/prabha(രണ്ടാം വർഷം) | 3 | | |
| 4 | August | സത്യമേവ ജയതേ (എല്ലാവരും)<br>Specific Orientation (ഒന്നാം വർഷം) | 2<br>3 | | | Green Campus Clean Campus (എല്ലാവരും) | 1 | | | ശ്രീ അന്ന-പോഷൺ മാഹ(ഒന്നാം വർഷം) ഭവനം-Scrapcahallenge,<br>ഉൽപ്പന്ന നിർമ്മാണ വിതരണം | 5<br>10 | | |
| 5 | September | We the people (എല്ലാവരും) | 2 | | | Green Campus Clean Campus(എല്ലാവരും)<br>Preamble Pride (ഒന്നാം വർഷം) | 1<br>3 | | | ആശവർക്കർ/പാലിയേറ്റീവ് പ്രവർത്തകർക്കൊപ്പം (എല്ലാവരും)<br>കലാജാഥ-നാടറിയാം (എല്ലാവരും) | 4<br>6 | | |
| | October | ഉജ്ജീവനം (ട്രയിനിങ്ങ്) (എല്ലാവരും | 3 | | | Green Campus Clean Campus(എല്ലാവരും) | 1 | | | ജീവദ്യുതി (എല്ലാവരും) | 3 | | |
| 6 | Novemeber | സമദർശൻ (എല്ലാവരും) | 2 | | | Green Campus Clean Campus (എല്ലാവരും) | 1 | | | ഹരിതകർമ്മ സേന പ്രവർത്തകർക്കൊപ്പം (എല്ലാവരും)<br>ഉജ്ജീവനം (എല്ലാവരും | 4<br>6 | | |
| 7 | December | | | | | Green Campus Clean Campus (എല്ലാവരും) | 1 | | | | | | |
| 8 | January | | | | | Green Campus Clean Campus (എല്ലാവരും) | 1 | | | തെളിമ (ഒന്നാം വർഷം) | 5 | | |
| 9 | February | | | | | | | | | | | | |
| 10 | March | | | | | | | | | | | | |

ഓരോ യൂണിറ്റുകളും യൂണിറ്റ്/ക്ലസ്റ്റർ/ജില്ലാ തല പ്രവർത്തനങ്ങൾകൂടി മേൽ പട്ടികയിൽ ഉൾപ്പെടുത്തി ഏറ്റവും ചുരുങ്ങിയത് 120 മണിക്കൂർ പ്രവർത്തനം ഉറപ്പാക്കി പ്രോഗ്രാം ഓഫീസറുടേയും പ്രിൻസിപ്പാളിന്റേയും കയ്യൊപ്പോടുകൂടി ജില്ലാ കൺവീനർമാർക്ക് സമർപ്പിക്കേണ്ടതാണ്.

राष्ट्रीय सेवा योजना

NATIONAL SERVICE SCHEME

